പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 658 28.09.2011 - ൽ മറുപടിക്ക്

## ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിലെ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ (എൽ.എച്ച്.ഐ) തസ്തികയിലേയ്ക്ക് 1994-ന് ശേഷം എത്ര തവണ ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 തസ്തികയിൽ നിന്ന് പ്രൊമോഷൻ നല്കിയിട്ടുണ്ടെന്ന് ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ; | എ) | വിവരം ശേഖരിച്ചു വരുന്നു. |
| ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് ട്രെയിനിംഗ് കഴിഞ്ഞവർക്കെല്ലാം പ്രൊമോഷൻ നല്കിയിട്ടുണ്ടോ; 50 വയസ്സ് കഴിഞ്ഞവർക്ക് ട്രെയിനിംഗ് ഇല്ലാതെ പ്രൊമോഷൻ നല്കാറുണ്ടോ; | ബി) | ട്രെയിനിംഗ് കഴിഞ്ഞവർക്കെല്ലാം ഒഴിവുകളുടെ അഭാവത്തിൽ പ്രൊമോഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. 50 വയസ്സ് കഴിഞ്ഞവർക്ക് ട്രെയിനിംഗ് ഇല്ലാതെ പ്രൊമോഷൻ നൽകാൻ സ്പെഷ്യൽ റൂൾസ് അനുവദിക്കുന്നില്ല. എന്നാൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ,സ്പെഷ്യൽ റൂൾസിൽ ഇളവു ചെയ്തു കൊണ്ട് 50 വയസ്സ് കഴിഞ്ഞ, ട്രെയിനിംഗ് ലഭിക്കാതിരുന്ന ചില ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1-മാരെ താല്കാലികമായി പ്രൊമോഷൻ നല്കിയി ട്ടുണ്ട്. |
| സി) | ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1-ൽ നിന്നുള്ള എൽ.എച്ച്.ഐ പ്രൊമോഷൻ പൂർണ്ണമായി നടത്താത്തതിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രൊമോഷനുകൾ അടിയന്തിരമായി നടത്താൻ നടപടി സ്വീകരിക്കുമോ; | സി) | ഒഴിവുകൾ ഇല്ലാതിരുന്നതിനാലാണ് പ്രൊമോഷൻ നടക്കാതിരുന്നത്. ഇപ്പോൾ പബ്ളിക് ഹെൽത്ത് നേഴ്സ് / ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ലേഡി ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തിയതിനാൽ 59 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ആ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് 13.10.2009-ൽ പ്രൊവിഷണൽ പ്രൊമോഷനും തുടർന്നുള്ള പ്രൊമോഷനും ലഭിച്ചവരുടെ വിശദാംശം ലഭ്യമാക്കാമോ; | ഡി) | ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 സീനിയോറിറ്റി ലിസ്റ്റിൽ നിന്നും റാങ്ക് നമ്പർ 1 മുതൽ 730 വരെ ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 ആയി 13.10.2009-ൽ പ്രൊമോട്ട് ചെയ്ത് നിയമനം നൽകിയിട്ടുണ്ട്. തുടർന്ന് നാളിതുവരെ 896-ാം റാങ്ക് വരെയുള്ളവരെയും പ്രൊമോട്ട് ചെയ്ത് നിയമനം നൽകി. |
| ഇ) | ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 ൽ നിന്ന് ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 ആയി തുടർ പ്രൊമോഷനുകൾ നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രൊമോഷനുകൾ അടിയന്തിരമായി നടത്താൻ നടപടി സ്വീകരിക്കാമോ? | ഇ) | 13.10.2009-ന ശേഷം 04.07.2011 വരെ ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2 ന്റെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 1 മുതൽ 896 വരെ ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 ആയി പ്രൊമോഷൻ നൽകി കഴിഞ്ഞു. ഇനി വരുന്ന ഒഴിവിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നൽകി നിയമനം നടത്തുന്നതാണ്. |
| എഫ്) | തിരുവനന്തപുരം ജില്ലയിൽ ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകളുടെ അനുപാതം എത്രയാണ്; പ്രസ്തുത അനുപാതത്തിൽ കൂടുതലായി ഗ്രേഡ്-1 പ്രൊമോഷൻ ലഭിച്ചവരിൽ എത്ര പേർ ജില്ലയിൽ ജോലി നോക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | എഫ്) | സംസ്ഥാന ആരോഗ്യ വകുപ്പിൽ എല്ലാ ജില്ലകളിലും നിലവിലുള്ള ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-2, ഗ്രേഡ്-1 എന്നീ തസ്തികകളുടെ 2 :1 എന്ന അനുപാതമാണ് തിരുവനന്തപുരം ജില്ലയിലും നിലവിലുള്ളത്. പ്രസ്തുത അനുപാതത്തിൽ കൂടുതലായി ഗ്രേഡ്-1 ൽ നിന്നും ആരും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ